2024
JUNE
08
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ






## സത്യപ്രതിജ്ഞ നാളെ രാത്രി 7.15 ന്

ന്യൂഡൽഹി: മൂന്നാം നരേന്ദ്ര മോദി സർക്കാരിൻറെ സത്യപ്രതിജ്ഞ ഞായറാഴ്ച രാത്രി 7.15 ന് നടത്താൻ തീരുമാനം. രാഷ്ട്രപതി ഭവനിൽ പ്രത്യേകം തയാറാക്കുന്ന വേദിയിലായിരിക്കും ചടങ്ങ് നടക്കുക.

പ്രധാനമന്ത്രിയായി നരേന്ദ്ര മോദിയും മറ്റ് മന്ത്രിമാരും ഞായറാഴ്ച നടക്കുന്ന ചടങ്ങിൽ സത്യപ്രതിജ്ഞചെയ്യും. ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവിനെ കണ്ട് സർക്കാർ രൂപീകരിക്കാൻ നരേന്ദ്ര മോദി അവകാശവാദം ഉന്നയിച്ചിരുന്നു.

അവകാശവാദം ഉന്നയിച്ചതിന് പിന്നാലെ എൻഡിഎ മുന്നണിയെ സർക്കാർ രൂപീകരിക്കാൻ രാഷ്ട്രപതി ക്ഷണിച്ചു. രാഷ്ട്രപതിയെ കണ്ട ശേഷം പ്രധാനമന്ത്രി മാധ്യമങ്ങളുമായി കൂടിക്കാഴ്ച നടത്തി. സർക്കാർ രൂപീകരിക്കാൻ രാഷ്ട്രപതിക്ക് കത്ത് നൽകിയതായി മോദി അറിയിച്ചു.

രാഷ്ട്രപതി സർക്കാർ രൂപീകരിക്കാൻ അനുമതി നൽകി. ഞായറാഴ്ച വൈകീട്ട് സത്യപ്രതിജ്ഞ നടക്കും. കൂടുതൽ വിവരങ്ങൾ രാഷ്ട്രപതി ഭവൻ അറയിക്കും. കഴിഞ്ഞ സർക്കാരുകളുടെ തുടർച്ചയായി കൂടുതൽ ഊർജ്ജത്തോടെ പ്രവർത്തിക്കുമെന്നും മോദി വ്യക്തമാക്കി.

## സുരക്ഷാസേനയുമായി ഏറ്റുമുട്ടൽ ഛത്തീസ്ഗഡിൽ ഏഴ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു

**നാരായൺപുർ:** ഛത്തീസ്ഗഡിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട മാവോയിസ്റ്റുകളുടെ എണ്ണം ഏഴായി. ഛത്തീസ്ഗഡിലെ നാരായൺപുർ ജില്ലയിലെ ഓർക്കാ മേഖലയിലെ ഗോബൽ, തുൽത്തുലി ഗ്രാമങ്ങൾക്ക് സമീപമുള്ള വനത്തിലാണ് ഏറ്റുമുട്ടലുണ്ടായത്.വെടിവയ്പിൽ മൂന്ന് സുരക്ഷ ഉദ്യോഗസ്ഥർക്കും പരിക്കേറ്റു.



രഹസ്യവിവരം ലഭിച്ചതിനെ തുടർന്ന് പോലീസും ഇൻഡോടിബറ്റൻ ബോർഡർ പോലീസും ചേർന്ന് നക്സൽ വേട്ടക്കിറങ്ങുകയായിരുന്നു.ഏറ്റുമുട്ടലിനുശേഷം നടത്തിയ പരിശോധനയിലാണ് യൂണിഫോം ധാരികളായ ഏഴ് നക്സലൈറ്റുകളുടെ മൃതദേഹം കണ്ടെത്തിയത്. ഇവരെ തിരിച്ചറിഞ്ഞിട്ടില്ല. സംഭവസ്ഥലത്തുനിന്ന് ആയുധങ്ങളും കണ്ടെടുത്തു. ഇതോടെ ഈ വർഷം ഛത്തീസ്ഗഡിൽ കൊല്ലപ്പെട്ട നക്സലൈറ്റുകളുടെ എണ്ണം 122 ആയി.

## നീറ്റ് ഗ്രേസ് മാർക്ക്: എൻടിഎ 10 ദിവസത്തിനകം മറുപടി നൽകണമെന്ന് കൽക്കട്ട ഹൈക്കോടതി

**ന്യൂഡൽഹി:** നീറ്റ് പരീക്ഷയുടെ ഫലം നിയമക്കുരുക്കിൽ. ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷയുടെ ഫലത്തിലെ അപാകതകൾ കാട്ടി നൽകിയ റിട്ട് ഹർജിയിൽ കൽക്കട്ട ഹൈക്കോടതി ദേശീയ പരീക്ഷാ ഏജൻസിയുടെ (എൻടിഎ) മറുപടി തേടി. 720ൽ 718, 719 മാർക്കുകൾ വന്നതു ചോദ്യം ചെയ്താണു ഹർജി. ഗ്രേസ് മാർക്ക് നൽകുന്നതിലെ മാനദണ്ഡങ്ങളിൽ പിഴവുണ്ടെന്നു ഹർജിയിൽ ആരോപിച്ചു. ഹർജി പരിഗണിച്ച ജസ്റ്റിസ് കൗഷിക് ചന്ദ്രയുടെ ബെഞ്ച് മറുപടി നൽകാൻ 10 ദിവസം അനുവദിച്ചു.

നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സൂക്ഷിക്കണമെന്നും കൗൺസിലിങ് നടപടികൾ ഹർജിയുടെ വിധിയുടെ അടിസ്ഥാനത്തിലായിരിക്കുമെന്നും കോടതി അറിയിച്ചിട്ടുണ്ട്. ഹർജി 2 ആഴ്ചയ്ക്കുശേഷം വീണ്ടും പരിഗണിക്കും. മെഡിക്കൽ പ്രവേശന പരീക്ഷയുടെ ഫലത്തെക്കുറിച്ച് എൻടിഎ വിശദീകരണം നൽകിയെങ്കിലും ആരോപണങ്ങൾ ശക്തമാകുകയാണ്. പരീക്ഷ വീണ്ടും നടത്തണമെന്നാവശ്യപ്പെട്ടു ദേശീയ പാർട്ടികൾ ഉൾപ്പെടെ രംഗത്തെത്തി.

## പലിശ നിരക്കിൽ മാറ്റമില്ല

**കൊച്ചി:** പ്രതീക്ഷിച്ചതു പോലെ പൊതുതെരഞ്ഞെടുപ്പിന് ശേഷമുള്ള ആദ്യ ധന അവലോകന നയത്തിലും മുഖ്യ പലിശ നിരക്കുകളിൽ റിസർവ് ബാങ്ക് മാറ്റം വരുത്തിയില്ല. രാജ്യം മികച്ച സാമ്പത്തിക വളർച്ച നേടുന്ന സാഹചര്യവും നാണയപ്പെരുപ്പ ഭീഷണിയും കണക്കിലെടുത്താണ് തുടർച്ചയായ എട്ടാം തവണയും പലിശ നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ധന നയം പ്രഖ്യാപിക്കുന്നത്. ഇതോടെ റിസർവ് ബാങ്കിൽ നിന്നും വാണിജ്യ ബാങ്കുകൾ വാങ്ങുന്ന വായ്പകളുടെ പലിശയായ റിപ്പോ 6.5 ശതമാനത്തിൽ തുടരും.



ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റം ഇപ്പോഴും കടുത്ത ഭീഷണിയായി തുടരുകയാണെന്ന് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത് ദാസ് പറഞ്ഞു. നടപ്പു സാമ്പത്തിക വർഷം ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ 7.2 ശതമാനം വളർച്ചയുണ്ടാകുമെന്നും റിസർവ് ബാങ്ക് വ്യക്തമാക്കി. നേരത്തെ വളർച്ചാ നിരക്ക് ഏഴ് ശതമാനമാകുമെന്നാണ് പ്രവചിച്ചിരുന്നത്. നാണയപ്പെരുപ്പ കണക്കുകളിൽ വലിയ വ്യത്യാസം ഉണ്ടാകില്ലെന്നാണ് കേന്ദ്ര ബാങ്കിൻറെ പ്രതീക്ഷ. റിസർവ് ബാങ്ക് അവലോകന യോഗത്തിൽ രണ്ട് എംപിസി അംഗങ്ങൾ പലിശ കുറയ്ക്കണമെന്ന നിലപാട് സ്വീകരിച്ചെങ്കിലും നാല് പേർ മാറ്റം വരുത്തേണ്ടയെന്ന് വാദിച്ചു.

അവശ്യ സാധനങ്ങളുടെ വിലക്കയറ്റം രൂക്ഷമായതോടെ നാണയപ്പെരുപ്പം നേരിടുന്നതിനാണ് റിസർവ് ബാങ്ക് കഴിഞ്ഞ വർഷം മേയ് മാസത്തിനു ശേഷം തുടർച്ചയായി മുഖ്യ പലിശ നിരക്കായ റിപ്പോ ആറു തവണയായി 2.5 ശതമാനം വർധിപ്പിച്ച് 6.5 ശതമാനമാക്കിയത്. ഇതോടെ ഒന്നര വർഷത്തിനിടെ ഭവന, വാഹന, വ്യക്തിഗത, കോർപ്പറേറ്റ്, വിദ്യാഭ്യാസ വായ്പകളുടെ പലിശ നിരക്കിൽ മൂന്ന് മുതൽ അഞ്ച് ശതമാനം വരെ വർധനയാണുണ്ടായത്. കഴിഞ്ഞ ദിവസം യൂറോപ്യൻ സെൻട്രൽ ബാങ്ക് മുഖ്യ പലിശ നിരക്ക് കാൽ ശതമാനം കുറച്ചിരുന്നു. ഇതിന് പിന്നാലെ അമെരിക്കൻ ഫെഡറൽ റിസർവും പലിശ കുറയ്ക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എങ്കിലും ഇക്കാര്യത്തിൽ റിസർവ് ബാങ്ക് വേറിട്ട നിലപാട് സ്വീകരിക്കുന്നതിനാണ് സാധ്യത.



## വിദേശ തൊഴിൽ വായ്പാ പദ്ധതി

**കൊച്ചി:** സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സംസ്ഥാന പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന 'വിദേശ തൊഴിൽ വായ്പാ പദ്ധതി' യിൽ പരിഗണിക്കുന്നതിനായി പട്ടികജാതിയിൽപ്പെട്ട യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ പട്ടികജാതിയിൽപ്പെട്ട അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരും ഏതെങ്കിലും വിദേശ രാജ്യത്തെ അംഗീകൃത തൊഴിൽ ദാതാവിൽ നിന്നും തൊഴിൽ നൽകുന്നതിനുള്ള ഓഫർ ലെറ്റർ ലഭിച്ചിട്ടുള്ളവരും ആകണം. നോർക്ക റൂട്ട്സ്, ഒഡേപെക് എന്നീ സ്ഥാപനങ്ങൾ സ്പോൺസർ ചെയ്യുന്ന അപേക്ഷകർക്ക് പദ്ധതിയിൽ മുൻഗണന നൽകും.

അപേക്ഷകർ 18 നും 55 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം. കുടുംബ വാർഷിക വരുമാനം 3,50,000 രൂപ അധികരിക്കരുത്. പദ്ധതിയുടെ പരമാവധി വായ്പാ തുക 2 ലക്ഷം രൂപ. അതിൽ 1 ലക്ഷം രൂപ വരെ അർഹരായവർക്ക് സബ്സിഡിയായി അനുവദിക്കും. അമ്പത് വയസ് കവിയാത്തവരും രണ്ടര ലക്ഷം രൂപയ്ക്കുള്ളിൽ കുടുംബ വാർഷിക വരുമാനമുള്ളവരുമായ അപേക്ഷകർക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുകയുള്ളു. വായ്പയുടെ പലിശനിരക്ക് 6 ശതമാനവും തിരിച്ചടവ് കാലയളവ് മൂന്ന് വർഷവുമാണ്. താത്പര്യമുള്ള അപേക്ഷകർ അപേക്ഷാ ഫോറത്തിനും വിശദ വിവരങ്ങൾക്കുമായി കോർപ്പറേഷന്റെ അതാതു ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടുക. മൊബൈൽ 04842302663, 9400068507.

## കേരള കർഷക തൊഴിലാളി ക്ഷേമനിധി സിറ്റിംഗ്

**കൊച്ചി:** കേരള കർഷക തൊഴിലാളി ക്ഷേമനിധി എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ നിന്ന് ജൂൺ 10ന് വാരപ്പെട്ടി, 13ന് ആയവന, 20ന് ഏഴീക്കര, 24ന് മലയാറ്റൂർ, 27ന് പൈങ്ങോട്ടൂർ എന്നീ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ അംശാദായം സ്വീകരിക്കുന്നതിനും പുതിയ അംഗങ്ങളെ ചേർക്കുന്നതിനുമായി സിറ്റിംഗ് നടത്തുന്നു. അംശദായം അടയ്ക്കുവാൻ അംഗത്തിന്റെ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവ കരുതേണ്ടതും പുതിയ അംഗത്വം എടുക്കേണ്ടവർ സ്കൂൾ സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ്, സ്വന്തം പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ ആദ്യത്തെ പേജ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്നും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ ജൂനിയർ റസിഡന്റ് തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യത: എംബിബിഎസ്.വേതനം 45,000 രൂപ. ആറുമാസ കാലയളവിലേക്ക് ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമനം. താത്പര്യമുള്ളവർ വയസ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പ് എന്നിവ സഹിതം ജൂൺ 11ന് മെഡിക്കൽ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ രാവിലെ 10.30ന് വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. അന്നേ ദിവസം രാവിലെ 10 മുതൽ 10.30 വരെ ആയിരിക്കും രജിസ്ട്രേഷൻ. സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് മുൻഗണന. ഫോൺ:04842754000.

## പ്ലസ് വൺ ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിൽ ആലുവ കീഴ്മാട് പ്രവർത്തിക്കുന്ന ആൺകുട്ടികൾക്കായുള്ള ഗവ. മോഡൽ റസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്ക്കൂളിൽ പ്ലസ് വൺ ക്ലാസിലെ നിലവിലുള്ള ഒഴിവിലേക്ക് പട്ടിക ജാതി/ പട്ടിക വർഗ / മറ്റ് സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഫിസിക്സ്, കെമിസ്ട്രി, ബയോളജി, കണക്ക് എന്നിവ ഉൾപ്പെടുന്ന സയൻസ് ഗ്രൂപ്പാണ് നിലവിലുള്ളത്.ജാതി, വരുമാനം ( 2 ലക്ഷം രൂപയിൽ കവിയരുത്), എസ്എസ്എൽസി മാർക്ക് ലിസ്റ്റ് എന്നീ സർട്ടിഫിക്കറ്റുകളുടെ നിശ്ചിത പകർപ്പുകൾ സഹിതം ജൂൺ 15 ന് വൈകിട്ട് 3 നകം അപേക്ഷ സ്കൂളിൽ ലഭിക്കണം. പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഭക്ഷണം, താമസസൗകര്യം ഉൾപ്പെടെ മറ്റെല്ലാ പഠന സൗകര്യങ്ങളും സൗജന്യമായി ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0484 2624115 ( ഹയർ സെക്കൻഡറി ). 0484 2623673 ( ഓഫീസ് ), 9446565337 ( പ്രിൻസിപ്പൽ).

## ഫുൾ ടൈം സ്വീപ്പർ താത്കാലിക നിയമനം

**കൊച്ചി:**പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ കീഴ്മാട് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്ക്കൂളിലേക്ക് ഫുൾ ടൈം സ്വീപ്പറായി താത്കാലികമായി ജോലി ചെയ്യുതിന് ആളെ ആവശ്യമുണ്ട്. അപേക്ഷകർ കുറഞ്ഞത് ഏഴാം ക്ലാസ് പാസായിരിക്കേണ്ടതും ജോലി ചെയ്യുതിന് ശാരീരിക ക്ഷമത ഉള്ളവരും ആയിരിക്കണം. സമീപ പ്രദേശത്തുള്ളവർക്കും പട്ടികജാതി വിഭാഗക്കാർക്കും മുൻഗണന. അപേക്ഷ, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക് ഫോൺ: 0484 2623673.



# പുതിയ മുഖവുമായി കൊച്ചിയിലെ താജ് മലബാർ റിസോർട്ട് ആൻഡ് സ്പാ

**കൊച്ചി:** ഒരു വർഷം നീണ്ടുനിന്ന വിപുലമായ നവീകരണത്തിനും പുനർരൂപകൽപ്പനയ്ക്കും ശേഷം കൊച്ചിയിലെ താജ് മലബാർ റിസോർട്ട് ആൻഡ് സ്പാ വീണ്ടും തുറക്കുന്നതായി ഇന്ത്യൻ ഹോട്ടൽസ് കമ്പനി ലിമിറ്റഡ് അറിയിച്ചു. 1935 നിർമിച്ച ഐതിഹാസികമായ ഈ ഹോട്ടലിനെ കൊച്ചിയുടെ ബഹുസാംസ്കാരിക ഘടനയ്ക്കും സമുദ്ര ചരിത്രത്തിനും പ്രാധാന്യം നൽകികൊണ്ട് ആധുനിക രീതിയിലാണ് പുനർരൂപകൽപ്പന ചെയ്തിട്ടുള്ളത്.പ്രദേശത്തിൻറെ സാംസ്കാരിക തനിമയും പാരമ്പര്യവും സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും പ്രതിബദ്ധതയോടെയുള്ള നവീകരണമാണ് കൊച്ചിയിലെ താജ് മലബാർ റിസോർട്ട് ആൻറ് സ്പായിൽ നടത്തിയതെന്ന് ഐഎച്ച്സിഎൽ ഓപ്പറേഷൻസ് വിഭാഗം സീനിയർ വൈസ് പ്രസിഡൻറ് സറബ്ജീത് സിങ് പറഞ്ഞു. അതിസമ്പന്നമായ ചരിത്രവും മനോഹാരിതയും കൊണ്ട് അതിഥികളുടെ മനസിൽ എന്നും ഇടംപിടിച്ചിരിക്കുന്ന ഒന്നാണ് താജ് മലബാർ. ആഡംബരവും പൈതൃകവും ചേർന്നുള്ള ഒരു മനോഹര അനുഭവം തന്നെയാകും ഇവിടെയത്തുന്ന അതിഥികൾക്ക് ലഭിക്കുകയെന്നും അദ്ദേഹം പറഞ്ഞു.

പ്രശാന്തമായസുന്ദരമായ വില്ലിംഗ്ടൺ ഐലൻറിൽ, തുറമുഖത്തിന് അഭിമുഖമായി സ്ഥിതി ചെയ്യുന്ന താജ് മലബാർ റിസോർട്ട് ആൻറ് സ്പായുടെ നവീകരിച്ച ഇൻറീരിയറുകൾ കൊച്ചി നഗരത്തിൻറെ പൈതൃകത്തെ സൂചിപ്പിക്കുന്നവയാണ്. സൂക്ഷ്മമായി രൂപകൽപ്പന ചെയ്ത 93 മുറികളും സ്യൂട്ടുകളും സമകാലിക രൂപകൽപ്പനയുടെയും കാലാതീതമായ ചാരുതയുടെയും മികച്ച സമന്വയമാണ്.

ഓൾ ഡേ ഡൈനർ, തനിനാടൻ ബോട്ടിൽ മത്സ്യ വിഭവങ്ങളോടെ ഓരുക്കിയ റൈസ് ബോട്ട്, ആഗോള പ്രാദേശിക വിഭവങ്ങൾ കോർത്തിണക്കിയ പെപ്പർ, തുടങ്ങിയ റസ്റ്ററൻറുകളും വളരെ മികച്ച അനുഭവമാണ്. അതിമനോഹരമായ അന്തരീക്ഷത്തിൽ സിഗ്നേച്ചർ കോക്ടെയിലുമായി വിശ്രമിക്കാൻ അനുയോജ്യമായ മട്ടാഞ്ചേരി ബാറും യോഗയും ആധുനിക സൗകര്യങ്ങളോടെയുള്ള ആയുർവേദ ചികിത്സകളും ഉൾപ്പെട്ട ജെ വെൽനെസ് സർക്കിൾ സ്പായും ഇവിടുത്തെ പ്രധാന ആകർഷണമാണ്.

കായലിനെ അഭിമുഖീകരിച്ചുള്ള ഇൻഫിനിറ്റി പൂൾ ഉല്ലാസത്തിനും വിശ്രമത്തിലും ഉപരിയായി ഒത്തുചേരലുകൾക്കും കൂട്ടായ്മകൾക്കും അനുയോജ്യമായ ഒരു വേദി കൂടിയാണ് വാഗ്ദാനം ചെയ്യുന്നത്.

ഈ മേഖലയിലെ ഏറ്റവും പ്രാധാന്യമേറിയ സ്ഥലത്തേക്കുള്ള വാതിലുകൾ തുറക്കുന്നതിൽ തങ്ങൾ വളരെയധികം സന്തുഷ്ടരാണെന്ന് താജ് മലബാർ റിസോർട്ട് ആൻറ് സ്പായുടെ ജനറൽ മാനേജറും ഓപ്പറേഷൻസ് വിഭാഗം ഏരിയ ഡയറക്ടറുമായ ലളിത് വിശ്വകുമാർ പറഞ്ഞു.

അതിമനോഹര കാഴ്ചകൾക്കതീതമായി പുത്തൻ ഭക്ഷണ വിഭവങ്ങളും പുനരുജ്ജീവിപ്പിക്കുന്ന വെൽനസ് ഓഫറുകറുകളും അടക്കമുള്ളവ താജ് ആതിഥേയത്വത്തിലെ മറക്കാനാവാത്ത അനുഭവമാകും അതിഥികൾക്ക് സമ്മാനിക്കുകയെന്നും അദ്ദേഹം പറഞ്ഞു.

# റിനോ നിസാൻ അഞ്ച് ജലാശയങ്ങൾ കൂടി പുനരുജ്ജീവിപ്പിക്കും

**കൊച്ചി:** റെനോ നിസ്സാൻ ഓട്ടോമോട്ടീവ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (ആർഎൻഎഐപിഎൽ) അഞ്ച് ജലാശയങ്ങളെ കൂടി പുനരുജ്ജീവിപ്പിക്കാൻ പദ്ധതി പ്രഖ്യാപിച്ചു. കഴിഞ്ഞ വർഷം ആർഎൻഎഐപിഎൽ പുനരുജ്ജീവനം നടത്തിയ പത്ത് തടാകങ്ങളും കുളങ്ങളും കൂടി ചെന്നൈയിലെ ഒറഗടത്തും പരിസരത്തുമുള്ള 15 ജലാശയങ്ങളാണ് പദ്ധതിയിൽ വരുന്നത്. ജല സംഭരണം മെച്ചപ്പെടുത്തുന്നതിനും ജൈവവൈവിധ്യം വർധിപ്പിക്കുന്നതിനും പ്രാദേശിക ശുദ്ധജല ലഭ്യത വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള പുനരുദ്ധാരണ നടപടികൾ ഉണ്ടാകും. പുനരുജ്ജീവനം ആരംഭിച്ച പത്ത് തടാകങ്ങളിൽ ഒമ്പതും പൂർത്തിയാക്കി പ്രാദേശിക ഭരണ കൂടങ്ങൾക്ക് കൈമാറി.

ആർഎൻഐപിഎല്ലിൽ ഉൽപാദന പ്രവർത്തനങ്ങളിൽ ജല ഉപയോഗത്തിന് മുഖ്യ ശ്രദ്ധ നൽകുന്നുണ്ട്. ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ, ജൈവവൈവിധ്യം വർദ്ധിപ്പിക്കുക മാത്രമല്ല, സമൂഹങ്ങളെ പിന്തുണയ്ക്കുകയും പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ച് അവയുടെ ക്ഷേമം വർദ്ധിപ്പിക്കുകയുമാണ് ലക്ഷ്യമിടുന്നതെന്ന് ആർഎൻഎഐപിഎൽ മാനേജിംഗ് ഡയറക്ടർ കീർത്തി പ്രകാശ് പറഞ്ഞു.

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിസതേൺ റീജിയൻ എൻവയൺമെന്റ്, ഹെൽത്ത്, സേഫ്റ്റി എക്സലൻസ് അവാർഡുകളുടെ 16ാമത് എഡിഷനിൽ വാട്ടർ മാനേജ്മെന്റിനുള്ള ഗോൾഡ് അവാർഡ് ആർഎൻഎഐപിഎല്ലിന് അടുത്തിടെ ലഭിച്ചിരുന്നു.



# ഭരതനാട്യം ഗിന്നസ് ലോക റെക്കോഡ്: തിരി തെളിഞ്ഞു

**കൊച്ചി:** മൃദംഗനാദം എന്ന പേരിൽ കൊച്ചിയിൽ നടക്കുന്ന ഭരതനാട്യം ഗിന്നസ് വേൾഡ് റെക്കോഡിന് തിരി തെളിഞ്ഞു. മൃദംഗനാദം 2024 എന്ന പേരിൽ 12000 ഭരതനാട്യ നർത്തകരെ ഒരേ വേദിയിൽ അണിനിരത്തുന്ന പരിപാടി ഡിസംബർ 29 ന് കൊച്ചിയിൽ നടക്കും. ഭരതനാട്യരംഗത്തെ ഗുരുക്കന്മാരുടെ സാന്നിദ്ധ്യത്തിൽ ചലച്ചിത്ര നടൻ സിജോയ് വർഗീസ് തിരി തെളിച്ചു. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുന്നൂറോളം നൃത്താധ്യാപകർ പങ്കെടുത്തു. മൃദംഗവിഷൻ മാനേജിംഗ് ഡയറക്ടർ നിഘോഷ് കുമാർ, പത്മശ്രീ കലാമണ്ഡലം ക്ഷേമാവതി ടീച്ചർ തുടങ്ങിയവർ പങ്കെടുത്തു. ഗുരുക്കൻമാരുടെ സാന്നിധ്യം തന്നെ ഒരു പൊസിറ്റീവ് എനർജിയാണെന്നും ഇത്രയധികം നൃത്താധ്യാപകരെ ഒന്നിച്ച് ഒരു വേദിയിൽ അണിനിരത്തുന്നത് ഇതാദ്യമാണെന്നും കലാമണ്ഡലം ക്ഷേമാവതി ടീച്ചർ പറഞ്ഞു. എല്ലാ നൃത്താധ്യാപകരും പങ്കെടുത്ത് തമിഴ്നാടിന്റെ റെക്കോഡ് മറികടക്കണമെന്ന് നടൻ സി ജോയ് വർഗീസ് പറഞ്ഞു. നമ്മുടെ ചരിത്രം തന്നെ മുന്നോട്ട് പോകുന്നത് ഇത്തരം കലാരൂപങ്ങൾ നില നിൽക്കുന്നത് കൊണ്ടാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

റെക്കോഡിന്റെ ഭാഗമാകാൻ ആഗ്രഹിക്കുന്ന നൃത്താധ്യാപകർ ബന്ധപെടണമെന്ന് മൃദംഗവിഷൻ മാനേജിംഗ് ഡയറക്ടർ നിഘോഷ് കുമാർ അറിയിച്ചു. ഫോൺ നമ്പർ : 9961665170,7511193339

# കെവിവിഇഎസ്: ഭാരവാഹികളെ തിരഞ്ഞെടുത്തു




പി സി ജേക്കബ്ബ്, സി വി രാജു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി(കെവിവിഇഎസ്) എറണാകുളം ജില്ലാ പ്രസിഡന്റ് പി സി ജേക്കബ്ബിനെ ഏകോപന സമിതി പച്ചാളം യൂണിറ്റിന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തു. പച്ചാളത്ത് ചേർന്ന യൂണിറ്റിന്റെ വാർഷിക സമ്മേളനത്തിലാണ് പി സി ജേക്കബ്ബിനെ അദ്ദേഹത്തിന്റെ മാതൃയൂണിറ്റിന്റെ കൂടി പ്രസിഡന്റായി തിരഞ്ഞെടുത്തത്. സുരേഷ് ഗോപിയെ വർക്കിംഗ് പ്രസിഡന്റായും സി വി രാജുവിനെ ജനറൽ സെക്രട്ടറിയായും സമ്മേളനം തിരഞ്ഞെടുത്തു. എം ഡി തോമസ് (രക്ഷാധികാരി), ടിജോ തോമസ് (ട്രഷറർ), എസ് എ സിദ്ദിഖ്, കെ ആർ മോഹനൻ, എം ഡി ചന്ദ്രശേഖരൻ (വൈസ് പ്രസിഡന്റുമാർ), എസ് ജയറാം, ജോസ ലോപ്പസ്, കെ എ ഗീവർ, നജിം സേട്ട് (സെക്രട്ടറിമാർ), സിന്ധു രമേഷ്( വനിതാ വിംഗ് പ്രസിഡന്റ്), പ്രീമാ ബാബു (വനിതാ വിംഗ് സെക്രട്ടറി),ഗിരധർ ഘോഷ്, ജീവൻ ജേക്കബ്ബ്, എൻ അരവിന്ദൻ (കമ്മിറ്റിയംഗങ്ങൾ),പ്രദീപ് ജോസ്, മനോജ് മാനുവൽ ( ജില്ലാ കൗസിൽ അംഗങ്ങൾ), കെ എ ആന്റണി (ഓഫിസ് ഇൻ ചാർജ്) എിവരാണ് തിരഞ്ഞെടുക്കപ്പെട്ട മറ്റുള്ളവർ

# തേവര-പേരണ്ടൂർ കനാൽ: ഫോട്ടോ കോമ്പറ്റീഷന് തുടക്കം

**കൊച്ചി:** തേവരപേരണ്ടൂർ കനാലിന്റെ പുനരുജ്ജീവനം ലക്ഷ്യമാക്കിയുള്ള ഒരു ബൃഹത് പദ്ധതി കൊച്ചി നഗരസഭ ആസൂത്രണം ചെയ്തിട്ടുണ്ട്. യുണൈറ്റഡ് നേഷൻസ് എൻവിയോൺമെന്റ് പ്രോഗ്രാമിന്റെ ജനറേഷൻ റീസ്റ്റോറേഷൻ പദ്ധതിയുടെ ഭാഗമായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.പദ്ധതിയുടെ ഭാഗമായി തേവരപേരണ്ടൂർ കനാലിന്റെ ചരിത്ര വഴികൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ഒരു ഫോട്ടോ കോമ്പറ്റീഷൻ സംഘടിപ്പിക്കുന്നു. ഫോട്ടോഗ്രാഫിയിലൂടെ തേവര പേരണ്ടൂർ കനാലിനെ കുറിച്ചുള്ള കഥകളും ചരിത്രങ്ങളും അവതരിപ്പിക്കാനുള്ള ഒരു അവസരമാണ് തുറക്കുന്നത്. ചിത്രത്തിനോടൊപ്പം ചിത്രം സംവദിക്കുന്ന ആശയത്തെ കുറിച്ച് 200 വാക്കിൽ കവിയാതെയുള്ള ഒരു വിവരണവും ഉണ്ടായിരിക്കേണ്ടതാണ്. ഒരു മത്സരാർത്ഥിക്ക് പരമാവധി നാലു ഫോട്ടോഗ്രാഫുകൾ വരെ സമർപ്പിക്കാവുന്നതാണ്. മത്സര എൻട്രികൾ 2024 ജൂൺ 30 ന് മുമ്പായി 'c.hedcochin@gmail.com' എന്ന ഇമെയിൽ അഡ്രസ്സിലേക്ക് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി +91 8330068829 നമ്പറിൽ ബന്ധപ്പെടുക.



# സാംസങ് ഇന്ത്യ സ്മാർട്ട് മോണിറ്ററുകൾ പുറത്തിറക്കി

**കൊച്ചി:** സാംസങ് 2024 ലെ ഏറ്റവും പുതിയ ഒഡീസി ഒഎൽഇഡി ഗെയിമിംഗ് മോണിറ്റർ, സ്മാർട്ട് മോണിറ്ററുകൾ, വ്യൂഫിനിറ്റി മോണിറ്ററുകൾ പുറത്തിറക്കി. ഉപഭോക്താക്കൾക്ക് ഏറ്റവും മികവുറ്റ അനുഭവം ഉറപ്പാക്കുന്നതിനായി എഐ ഫീച്ചറുകളും മറ്റ് സവിശേഷതകളുമായി പുതിയ ഉതപന്നങ്ങൾ സാംസങ് വിപണിയിലെത്തിച്ചിരിക്കുന്നത്.

ഒഡീസി ഒഎൽഇഡി ജി6, സ്മാർട്ട് മോണിറ്റർ ലൈനപ്പ് എന്നിവ കൂടുതൽ മെച്ചപ്പെടുത്തിയ വിനോദ സവിശേഷതകളോടെ സന്തോഷം ഇരട്ടിയാക്കുന്നു. അതേസമയം എഐ കരുത്തേകുന്ന സ്മാർട്ട് മോണിറ്റർ എം8 ഉം വ്യൂഫിനിറ്റിയും കണക്റ്റിവിറ്റി മെച്ചപ്പെടുത്തി സമ്പൂർണ്ണ വർക്ക്സ്റ്റേഷൻ സാധ്യമാക്കുന്നു.ഒഡീസി ഒഎൽഇഡി ഗെയിമിംഗ് മോണിറ്റർ, വ്യൂഫിനിറ്റി, സ്മാർട്ട് മോണിറ്ററുകൾ എന്നിവയുടെ 2024 ലെ ഉത്പന്ന ശ്രേണി അവതരിപ്പിക്കുന്നതിലൂടെ, ഉപഭോക്താക്കൾക്ക് മികച്ച അനുഭവങ്ങൾ നൽകാൻ ശ്രമിക്കുകയാണെന്ന് സാംസങ് ഇന്ത്യയുടെ കൺസ്യൂമർ ഇലക്ട്രോണിക്സ് എന്റർപ്രൈസ് ബിസിനസ് വൈസ് പ്രസിഡന്റ് പുനീത് സേത്തി പറഞ്ഞു.

എല്ലാ മോണിറ്ററുകളും ജൂൺ 5 മുതൽ സാംസങ് ഇസ്റ്റോറിൽ ലഭ്യമാണ്. സാംസങ്ങിന്റെ ഔദ്യോഗിക ഓൺലൈൻ സ്റ്റോറായ സാംസങ് ഷോപ്പ്, ആമസോൺ, ഫ്ലിപ്കാർട്ട് എന്നിവയിൽ നിന്നും എല്ലാ പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിൽ നിന്നും ഉപഭോക്താക്കൾക്ക് മോണിറ്ററുകൾ വാങ്ങാം.ഡീസി ഒഎൽഇഡി ജി 6, സ്മാർട്ട് മോണിറ്റർ സീരീസ് എന്നിവ ജൂൺ 5 നും ജൂൺ 11 നും ഇടയിൽ സാംസങ് ഇസ്റ്റോറിൽ നിന്ന് വാങ്ങുമ്പോൾ 2750 രൂപ വരെ തൽക്ഷണ കാർട്ട് കിഴിവോടെ നോകോസ്റ്റ് ഇഎംഐയിൽ ലഭ്യമാകും.

സാംസങ് ഇസ്റ്റോറിൽ നിന്ന് സ്മാർട്ട് മോണിറ്റർ എം8 വാങ്ങുമ്പോൾ ഉപഭോക്താക്കൾക്ക് ഉറപ്പുള്ള സാംസങ് സൌണ്ട് ബാറും ഒഎൽഇഡി ജി6 ക്കൊപ്പം ഉപഭോക്താക്കൾക്ക് ഉറപ്പുള്ള സാംസങ് ഗാലക്സി ബഡ്സ് 2 പ്രോയും ലഭിക്കും.ആമസോണിലും ഫ്ലിപ്കാർട്ടിലും ഈ മോഡലുകൾക്ക് 11100 രൂപ വരെ കിഴിവ് ലഭിക്കും.






# ഇഎംസി കേരളയുമായി കരാറിൽ ഒപ്പുവെച്ച് ഇഇഎസ്എൽ

**തിരുവനന്തപുരം:** കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള സംയുക്ത സംരംഭമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് കേരളത്തിലെ എനർജി മാനേജ്മെന്റ് സെന്ററു (ഇ എം സി) മായി സുപ്രധാന കരാറിൽ ഒപ്പുവച്ചു. ഊർജ്ജ കാര്യക്ഷമത ത്വരിതപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് നടപടി. ഇഇഎസ്എൽ റീട്ടെയിൽ സെയിൽസ് ഹെഡ് ആദേശ് സക്സേനയുടെയും ഇഎംസി ഡയറക്ടർ ഹരികുമാർ രാമദാസിന്റെയും സാന്നിധ്യത്തിലാണ് ധാരണാപത്രം ഒപ്പുവച്ചത്.എൽഇഡി ബൾബുകൾ, ബിഇഇ 5 സ്റ്റാർ റേറ്റുചെയ്ത ബിഎൽഡിസി ഫാനുകൾ, എൽഇഡി ട്യൂബ് ലൈറ്റുകൾ, എമർജൻസി റീചാർജ് ചെയ്യാവുന്ന ഇൻവെർട്ടർ ബൾബുകൾ, സൂപ്പർ എഫിഷ്യൻസിയുള്ള എയർ കണ്ടീഷണറുകൾ, ഇൻഡക്ഷൻ കുക്ക് സ്റ്റൗ എന്നിവയുൾപ്പെടെയുള്ള ഉപകരണങ്ങൾ ഇഇഎസ്എൽ മാർട്ടിൽ നിന്ന് നേരിട്ട് ഡിസ്കോം വെബ്സൈറ്റ് വഴി വാങ്ങാം. നാഷണൽ മിഷൻ ഫോർ എൻഹാൻസ്ഡ് എനർജി എഫിഷ്യൻസി(എൻഎംഇഇഇ)ക്ക് കീഴിലുള്ള മാർക്കറ്റ് ട്രാൻസ്ഫോർമേഷൻ ഫോർ എനർജി എഫിഷ്യൻസി (എംടിഇഇ) സംരംഭത്തെ പിന്തുണക്കുന്നതിനാണ് ഇഎംസി കേരളയുമായുള്ള കരാറിന്റെ രൂപകൽപന. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ദേശീയ കർമ്മ പദ്ധതിയുടെ ഭാഗമാണ് ഈ ദൗത്യം.

ഊർജ്ജ കാര്യക്ഷമതയിലേക്ക് സാർവത്രിക പ്രവേശനം കൈവരിക്കുന്നതിനു സുപ്രധാന ചുവടുകൾ ഈ സഹകരണം മുന്നോട്ടുവയ്ക്കുന്നു. സുസ്ഥിര ഊർജ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും മേഖലകളിലുടനീളം ഊർജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലും കാര്യമായ സ്വാധീനം ചെലുത്താൻ ഈ പങ്കാളിത്തം ലക്ഷ്യമിടുന്നു.

# സിയാലിൽ നിന്ന് 'ലൂക്ക' വിദേശത്തേക്ക് പറന്നു

**കൊച്ചി:** കൊച്ചി വിമാനത്താവളത്തിലൂടെ ഓമന മൃഗങ്ങളെ വിദേശത്തേക്ക് കൊണ്ടു പോകാനുള്ള സൗകര്യം നിലവിൽ വന്നു. വ്യാഴാഴ്ച പുലർച്ചെ, ലാസ അപ്സോ ഇനത്തിൽപ്പെട്ട 'ലൂക്ക' എന്ന നായ്ക്കുട്ടിയാണ് ആദ്യമായി കൊച്ചിയിൽ നിന്ന് ദോഹ വഴി ദുബായിലേക്ക് പറന്നത്. ഖത്തർ എയർവെയ്സിലാണ് 'ലൂക്ക' കൊച്ചിയിൽ നിന്ന് ദോഹയിലെത്തിയത്. തിരുവനന്തപുരം ആറ്റിങ്ങൽ സ്വദേശികളായ രാജേഷ് സുശീലൻ കവിത രാജേഷ് ദമ്പതിമാരുടെ ഓമനയാണ് ലൂക്ക. ദുബായിൽ ബിസിനസ് നടത്തുകയാണ് രാജേഷ്.

കേന്ദ്ര മൃഗസംരക്ഷണ വകുപ്പിൽ നിന്ന് സിയാലിന് 'പെറ്റ് എക്സ്പോർട്ട്' അനുമതി ലഭിച്ചതോടെ, ഈ സൗകര്യമുള്ള കേരളത്തിലെ ഏക വിമാനത്താവളമായി സിയാൽ മാറി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ശീതീകരിച്ച പെറ്റ് സ്റ്റേഷൻ, പ്രത്യേക കാർഗോ വിഭാഗം, വെറ്ററിനറി ഡോക്ടർമാർ, കസ്റ്റംസ് ക്ലിയറൻസ് കേന്ദ്രം, മൃഗങ്ങളെ കൊണ്ടു വരുന്നവർക്കുള്ള ഫെസിലിറ്റേഷൻ സെന്റർ എന്നിവ സിയാൽ ഒരുക്കിയിട്ടുണ്ട്. ഇതുവരെ ആഭ്യന്തര റൂട്ടുകളിൽ മൃഗങ്ങളെ കൊണ്ടുപോകാനും കൊണ്ടു വരാനുമുള്ള അനുമതി മാത്രമേ സിയാലിന് ഉണ്ടായിരുന്നുള്ളൂ. എന്നാലിപ്പോൾ എല്ലാ വിദേശ രാജ്യങ്ങളിലേക്കും പ്രത്യേകം സജ്ജ



മാക്കിയ കൂടുകളിലൂടെ കാർഗോ വഴി കൊണ്ടുപോകാനുള്ള അനുമതിയാണ് ലഭിച്ചിട്ടുള്ളത്. വിദേശത്ത് നിന്ന് ഓമന മൃഗങ്ങളെ നേരിട്ട് ഇറക്കുമതി ചെയ്യാനുള്ള അനുമതിക്കായി ശ്രമം തുടങ്ങിയിട്ടുണ്ട്. ഇതിനു വേണ്ടി പ്രത്യേകം 'അനിമൽ ക്വാറന്റൈൻ' കേന്ദ്രം സ്ഥാപിച്ചു വരികയാണ്. സസ്യങ്ങളും ഫലങ്ങളും കൊണ്ട് പോകാനും ഇറക്കുമതി ചെയ്യാനുമുള്ള അനുവാദം സിയാലിനുണ്ട്. ഇതിനായുള്ള 'പ്ലാന്റ് ക്വാറന്റൈൻ സെന്റർ' കാർഗോ വിഭാഗത്തിന് സമീപം പ്രവർത്തിച്ചു വരുന്നു. ഈ സൗകര്യങ്ങൾ ലഭ്യമാകുന്നതിന് കാർഗോ ഹാൻഡ്‌ലിങ് ഏജൻസികളെയോ എയർലൈനുകളെയോ ആണ് ആദ്യം ബന്ധപ്പെടേണ്ടത്.

ഇന്ത്യയിലെ മുൻനിര വിമാനത്താവളങ്ങളിലുള്ള എല്ലാ സൗകര്യങ്ങളും കൊച്ചി വിമാനത്താവളത്തിൽ ഏർപ്പെടുത്താനാണ് മാനേജ്മെന്റ് ലക്ഷ്യമിടുന്നതെന്ന് സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് പറഞ്ഞു. 'എല്ലാ യാത്രക്കാർക്കും അനുബന്ധ സൗകര്യങ്ങൾ സമഗ്രമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സിയാൽ മുന്നോട്ട് പോകുന്നത്. ഇതിന്റെ ഭാഗമായി പരമാവധി ഇടങ്ങളിൽ ഓട്ടോമാറ്റിക് സംവിധാനങ്ങൾ ഏർപ്പെടുത്തി. വളർത്തുമൃഗങ്ങളെ ഇറക്കുമതി ചെയ്യാനുള്ള അനുമതി (പെറ്റ് ഇംപോർട്ട് ഫെസിലിറ്റി) ലഭിക്കാനുള്ള ശ്രമങ്ങളും നടന്നു കൊണ്ടിരിക്കുകയാണ്. കൂടാതെ, ഫുൾ ബോഡി സ്കാനറുകൾ പോലുള്ള അത്യാധുനിക സുരക്ഷാ സംവിധാനങ്ങളും ഉടൻ പ്രാവർത്തികമാകുമെന്നും സുഹാസ് പറഞ്ഞു.ജീവൻ രക്ഷാ മരുന്നുകളും സൗന്ദര്യവർദ്ധക വസ്തുക്കളും ഇറക്കുമതി ചെയ്യുന്നതിന് സിയാലിന് ഈയിടെ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതോടെ വൻകിട സ്റ്റോക്കിസ്റ്റുകൾക്ക് നേരിട്ട് കൊച്ചി വഴി മരുന്നുകളും സൗന്ദര്യവർധകവസ്തുക്കളും ഇറക്കുമതി ചെയ്യാനും സ്റ്റോക്ക് ചെയ്യാനും സാധിക്കും.

# പ്രൈം ഷോപ്പിംഗ് എഡീഷൻ അവതരിപ്പിച്ച് ആമസോൺ

**കൊച്ചി:** ആമസോൺ പ്രൈം ഷോപ്പിംഗ് എഡീഷൻ അവതരിപ്പിച്ചു. വേഗത്തിലുള്ള ഷിപ്പിംഗും ഷോപ്പിംഗും ആനുകൂല്യങ്ങൾ മാത്രം തേടുന്ന ഉപയോക്താക്കൾക്കു വേണ്ടി പ്രത്യേകമായുള്ളതാണ് 399 രുപയുടെ വാർഷിക മെംബർഷിപ് വരുന്ന പ്രൈം ഷോപ്പിംഗ് എഡീഷൻ. ഈ മെംബർഷിപ് പ്ലാനിൽ വീഡിയോ അല്ലെങ്കിൽ ആമസോൺ മ്യൂസിക് പോലെയുള്ള ഏതെങ്കിലും ഡിജിറ്റൽ അല്ലെങ്കിൽ വിനോദ ആനുകൂല്യങ്ങൾ ഉൾപ്പെടുന്നതല്ല. പ്രൈം ഷോപ്പിംഗ് എഡീഷൻ ഡിജിറ്റൽ അല്ലെങ്കിൽ വിനോദ ആനുകൂല്യങ്ങളോട് താല്പര്യം കുറവുള്ള, എന്നാൽ ഓൺലൈൻ ഷോപ്പിംഗ് ആഗ്രഹമുള്ള ആൻഡ്രോയ്ഡ് മൊബൈൽ ഉപഭോക്താക്കൾക്ക് വണ്ടി പ്രേത്യേകം സജ്ജമാക്കിയതാണിതെന്ന് ആമസോൺ പ്രൈം വൈസ് പ്രസിഡന്റ് ജമീൽ ഘാനി പറഞ്ഞു.2016 ൽ ഇന്ത്യയിൽ അവതരിപ്പിച്ച ആസമോൺ പ്രൈം മിനിമം പരിധിയില്ലാതെ കാർട്ട് ഓർഡറിന്മേൽ ആമസോണിൽ പത്തുലക്ഷത്തിലധികം വരുന്ന ഉല്പന്നങ്ങൾക്ക് അന്നേ ദിവസം തന്നെ ഡിലിവറിയും നാല്പതുലക്ഷത്തിലധികം ഉല്പന്നങ്ങൾക്ക് 1ദിവസം കഴിഞ്ഞുള്ള ഡിലിവറി, പ്രൈം ഡേയും ഗ്രേറ്റ് ഇൻഡ്യൻ ഫെസ്റ്റിവലും പോലുള്ള ഷോപ്പിംഗ് പരിപാടികൾ മുൻകൂട്ടി ലഭ്യത, പ്രൈം വീഡിയോ, പ്രൈം മ്യൂസിക്, പ്രൈം ഗെയിമിംഗ്, പ്രൈം റീഡിംഗ് പോലുള്ള വിനോദ നേട്ടങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുന്നുണ്ട്.

# പഠനോപകരണങ്ങൾ വിതരണം ചെയ്തു

**കൊച്ചി:** സ്കൂൾ പ്രവേശനോത്സവത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. റോട്ടറി കൊച്ചി യുണൈറ്റഡിന്റെ നേതൃത്വത്തിലാണ് ഇടപ്പള്ളി ഗവ.എച്ച്.എസ്.എസിലെ ഹൈസ്കൂൾ വിദ്യാർഥികൾക്ക് പുസ്തകങ്ങളും സാമഗ്രികളും വിതരണം ചെയ്തത്. വിതരണോദ്ഘാടനം ചലച്ചിത്രതാരം മുത്തുമണി സോമസുന്ദരൻ നിർവ്വഹിച്ചു. റോട്ടറി കൊച്ചി യുണൈറ്റഡ് പ്രസിഡന്റ് നാഷിദ് നിനാർ, സെക്രട്ടറി ദീപ അലക്സ്, ജില്ലാ ഡയറക്ടർ അരവിന്ദ് പി.എസ്, കൗൺസിലർ ശാന്ത എന്നിവർ പങ്കെടുത്തു.

# കുസാറ്റ്: ലോക സമുദ്ര ദിനത്തോടനുബന്ധിച്ച് കടൽത്തീര ശുചീകരണ പരിപാടി ഇന്ന്

**കൊച്ചി:** ലോക മഹാസമുദ്ര ദിനത്തിന്റെ ഭാഗമായി ജൂൺ 8 ന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മറൈൻ സയൻസസ്, ഓഷ്യൻ സൊസൈറ്റി ഓഫ് ഇന്ത്യയുമായി സഹകരിച്ച് പുതുവൈപ്പ് ബീച്ചിൽ രാവിലെ 8.00 മുതൽ 10 വരെ, ബീച്ച് ശുചീകരണ പ്രവർത്തനം സംഘടിപ്പിക്കുന്നു.സൊസൈറ്റി ഓഫ് മറൈൻ ബയോളജിസ്റ്റ്സ്, ഡിപ്പാർട്ട്മെന്റ് ഓഫ് മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി, സെൻറ് ആൽബർട്ട്സ് കോളേജ്, സെൻറ് തെരേസാസ് കോളേജ്, ഭാരത മാതാ കോളേജ്, സേക്രഡ് ഹാർട്ട്സ് കോളേജ്, അസോസിയേഷൻ ഓഫ് ഫിഷറീസ് ഗ്രാജുവേറ്റ്സ് എന്നിവയും ഈ പരിപാടിയുമായി സഹകരിക്കുന്നു. രാവിലെ 8 മണിക്ക് 100 ഓളം വിദ്യാർത്ഥികളും അധ്യാപകരും നാട്ടുകാരും ചേർന്ന് ബീച്ച് വൃത്തിയാക്കുന്ന പരിപാടിയാണിത്. വൈപ്പിൻ എം.എൽ.എ കെ.എൻ.ഉണ്ണികൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കുന്ന ചടങ്ങിൽ, ഓഷ്യൻ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ. എൻ. വി. കുര്യൻ, സ്കൂൾ ഓഫ് മറൈൻ സയൻസസ് ഡയറക്ടർ ഡോ. എ. എ. മുഹമ്മദ് ഹാത്ത, പ്രോഗ്രാം കോർഡിനേറ്റർ ഡോ. പ്രിയജാ പി. എന്നിവർ സംസാരിക്കും. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും.

# കുസാറ്റിൽ കരാറടിസ്ഥാനത്തിൽ എഫ്.എ.സി.റ്റി ചെയർ പ്രൊഫസർ നിയമനം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് എൻജിനീയറിംഗിലെ സേഫ്റ്റി ആൻഡ് ഫയർ എൻജിനീയറിംഗ് വിഭാഗത്തിൽ, എഫ്.എ.സി.റ്റി ചെയർ പ്രൊഫസർ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

നോട്ടിഫിക്കേഷനും യോഗ്യത സംബന്ധിച്ച മറ്റു വിവരങ്ങളും, ഠഠഠ.രൗമെേ.മര.ശി എന്ന സർവകലാശാലയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ, രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി682 022 എന്ന വിലാസത്തിൽ ജൂൺ 20നകം അപേക്ഷകൾ അയക്കുക.

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിയുടെ 20232024 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്ത്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ട്രയൽ ബാലൻസ് എന്നി റിപ്പോർട്ടുകൾ തരുന്നതിന് രജിസ്ട്രേർഡ് ചാർട്ടേർഡ് അക്കൗണ്ടന്റമാരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ സെക്രട്ടറി, എച്ച്.ഡി.എസ് മെഡിക്കൽ കോളേജ് ആശുപത്രി എറണാകുളം വിലാസത്തിൽ തപാലിലോ പ്രവൃത്തി ദിവസങ്ങളിൽ നേരിട്ടോ സമർപ്പിക്കാം. ക്വട്ടേഷൻ നമ്പറും, ഏത് ആവശ്യത്തിന് വേണ്ടിയുള്ളത് എന്നതും കവറിനു മുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും. ജൂൺ 10 ന് ഉച്ചയ്ക്ക് രണ്ട് വരെ. അപൂർണ്ണമായതും നിശ്ചിത പരിധിക്കുള്ളിൽ ലഭിക്കാത്തതുമായ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് ആശുപത്രി വികസന സമിതി ഓഫീസുമായി ബന്ധപ്പെടുക.04842754000, 2754456, 2754416.

# പ്രിലിംസ് കം മെയിൻസ് റെഗുലർ ബാച്ചിലേക്ക് സ്പോട് അഡ്മിഷൻ

**കൊച്ചി:** കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ ആലുവ കേന്ദ്രത്തിൽ പ്രിലിംസ് കം മെയിൻസ് റെഗുലർ ബാച്ചിലേക്ക് അഡ്മിഷൻ തുടരുന്നു. kscsa.org വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്തു ജൂൺ 15 ന് മുമ്പ് കോഴ്സ് ഫീസ് അടക്കാം. രജിസ്ട്രേഷൻ പൂർത്തീകരിച്ചശേഷം ആലുവ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യണം. വിശദ വിവരങ്ങൾക്ക് ഫോൺ 82810 98873.വെബ്സൈറ്റ് kscsa.org.

# റേഡിയോളജിസ്റ്റ് താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റേഡിയോളജിസ്റ്റ് തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ താത്കാലിക നിയമനം നടത്തുന്നു.

പ്രായപരിധി 01.01.2024 ന് 2560. യോഗ്യത: എംഡി/ഡിഎ9ബി (റേഡിയോ ഡയഗണോസിസ്) (Radio Diagnosis) ഡിഎംആർഡിയും ടിസിഎംസി രജിസട്രേഷനും. താത്പര്യമുള്ളവർ, യോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും, പകർപ്പും സഹിതം ജൂൺ 12 ന് (ബുധനാഴ്ച) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്രണ്ട് ഓഫീസിന് സമീപത്തുള്ള കൺട്രോൾ റൂമിൽ രാവിലെ 11.15 ന് നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കണം.

രജിസ്ട്രേഷൻ അന്നേ ദിവസം രാവിലെ 10.20 മുതൽ 11 വരെ മാത്രമായിരിക്കും.

# ഐ.ടി.ഐ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വ്യവസായിക പരിശീലന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 2 ഐ.ടി.ഐകളിലായി 13 ട്രേഡുകളിൽ കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികളുടെ മക്കൾക്ക് 260 സീറ്റുകൾ സംവരണം ചെയ്തിട്ടുള്ളതിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് പ്രവേശനത്തിന് കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വെബ് സൈറ്റ് ആയ www.labourwelfarefund.in വഴി ഓൺലൈനായി അപേക്ഷിക്കാം. അജജഘഥ ചഛരണ ൽ I.T.I Training Programme ലാണ് അപേക്ഷിക്കേണ്ടത്. അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 30. കൂടുതൽ വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്.

പ്രവേശനത്തിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യത പത്താം ക്ലാസാണ്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 300 രൂപ ബോർഡിൽ നിന്നും സ്റ്റൈപന്റ് നൽകും.

# ഗസ്റ്റ് അധ്യാപകരെ ആവശ്യമുണ്ട്

**കൊച്ചി:** നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൽസ്) ൽ ഇംഗ്ലീഷ്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, മാരിടൈം ലോ എന്നീ വിഷയങ്ങളിൽ 202425 അധ്യയന വർഷത്തെ ഗസ്റ്റ് അധ്യാപകരെ ആവശ്യമുണ്ട്. പ്രതിഫലം, മണിക്കൂറടിസ്ഥാനത്തിൽ ആയിരം രൂപയും യാത്രാബത്തയും.

യോഗ്യത ബന്ധപ്പെട്ട വിഷയങ്ങളിൽ 55 ശതമാനം മാർക്കും, യു.ജി.സി.എൻ.ഇ.ടി(നെറ്റ്)/പി.എച്ച്.ഡി.യും. നിശ്ചിത ഫോറത്തിൽ അപേക്ഷിക്കുവാനുള്ള അവസാന തീയതി ജൂൺ 15. വിശദവിവരങ്ങൾ www.nuals.ac.in വെബ് സൈറ്റിൽ ലഭ്യമാണ്



# ഭക്ഷ്യ സുരക്ഷാ വകുപ്പിലെ വിവിധ ഓപ്പറേഷനുകൾ ഇനി ഓപ്പറേഷൻ ലൈഫ്: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ഭക്ഷ്യ സുരക്ഷാ വകുപ്പിൽ വിവിധ പേരിലറിയപ്പെടുന്ന ഓപ്പറേഷനുകൾ എല്ലാം കൂടി ഓപ്പറേഷൻ ലൈഫ് എന്ന ഒറ്റ പേരിൽ ഇനി അറിയപ്പെടുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഭക്ഷ്യ സുരക്ഷയ്ക്കായി ഓപ്പറേഷൻ ഷവർമ, ഓപ്പറേഷൻ മത്സ്യ, ഓപ്പറേഷൻ ജാഗറി, ഓപ്പറേഷൻ ഹോളിഡേ തുടങ്ങിയ നിരവധി ഡ്രൈവുകളാണ് ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയത്. അതിന്റെ കൂടി ഫലമായി ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനം നേടി. ഈ ഓപ്പറേഷനുകളെല്ലാം ഇനി ഒരൊറ്റ പേരിലായിരിക്കും പരിശോധന നടത്തുകയെന്നും മന്ത്രി വ്യക്തമാക്കി. ലോക ഭക്ഷ്യസുരക്ഷാ ദിനം സംസ്ഥാനതല ഉദ്ഘാടനവും അവാർഡ് വിതരണവും ഭക്ഷ്യസുരക്ഷാ ബോധവൽക്കരണ സെമിനാറും ഉദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സുസ്ഥിരവും ആരോഗ്യകരവുമായ നിലനിൽപ്പിനായാണ് ഭക്ഷ്യ സുരക്ഷാ ദിനം ആചരിക്കുന്നത്. സുരക്ഷിതമല്ലാത്ത ഭക്ഷണം മൂലമുണ്ടാകുന്ന രോഗങ്ങൾ തിരിച്ചറിയുന്നതിനും നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനം പകരുക എന്നതാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. ലോകാരോഗ്യ സംഘടന ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ഉയർത്തുന്ന സന്ദേശം തന്നെ 'Food saftey is every one's business' എന്നതാണ്.

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് തീവ്രയജ്ഞ പരിപാടികളാണ് നടത്തി വരുന്നത്. 'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന ആപ്തവാക്യം ഉൾക്കൊണ്ട് ഈ സർക്കാർ നിരവധി പ്രവർത്തനങ്ങൾ നടത്തി. ഈ സർക്കാരിന്റെ കാലത്ത് ചികിത്സാ സംവിധാനം വലിയ രീതിയിൽ ഒരുക്കിയതിനോടൊപ്പം രോഗ പ്രതിരോധത്തിനും ആരോഗ്യ സംരക്ഷണത്തിനും പ്രാധാന്യം നൽകുന്നു. നല്ല ഭക്ഷണവും വെള്ളവും ഓരോരുത്തരുടെയും അവകാശമാണ്. ഭക്ഷണത്തിൽ മായം ചേർക്കുന്നത് ക്രിമിനൽ കുറ്റമാണ്. അതിനാൽ തന്നെ കർശന നടപടി സ്വീകരിക്കുന്നു.

ഈ സർക്കാരിന്റെ കാലത്ത് ഭക്ഷ്യ സുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. ഭക്ഷ്യ സുരക്ഷാ പരിശോധനയിലും പിഴത്തുകയിലും റെക്കോർഡ് വർധനവാണ് കഴിഞ്ഞ സാമ്പത്തിക വർഷമുണ്ടായത്. പിഴത്തുക ഇരട്ടിയായി വർധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം 65,432 പരിശോധനകളാണ് നടത്തിയത്. 4.05 കോടി രൂപ പിഴ ഈടാക്കി. പ്രാദേശികമായ സമ്മർദ്ദങ്ങൾ അതിജീവിക്കാൻ ഭക്ഷ്യ സുരക്ഷാ പരിശോധനകളെല്ലാം ഓൺലൈനാക്കി. മറ്റ് നടപടികളും സ്വീകരിച്ച് വരുന്നു.

ഭക്ഷ്യ സുരക്ഷ എല്ലാവരുടേയും ഉത്തരവാദിത്തമാണ്. ഭക്ഷണം വിളമ്പുന്നവരുടെ ശുചിത്വം പ്രധാനമാണ്. അതിനാൽ ഹെൽത്ത് കാർഡ് നിർബന്ധമാക്കി. കെ.എം.എസ്.സി.എൽ. വഴി കുറഞ്ഞ വിലയ്ക്ക് ടൈഫോയിഡ് വാക്സിൻ ലഭ്യമാക്കി. പച്ചമുട്ട ചേർത്തുണ്ടാക്കിയ മയോണൈസ് നിരോധിച്ചു.

സ്പെഷ്യൽ ടാസ്ക് ഫോഴ്സ് (ഇന്റലിജൻസ്) രൂപീകരിച്ചു. ഭക്ഷ്യ സുരക്ഷാ ഗ്രിവൻസ് പോർട്ടലും ഈറ്റ് റൈറ്റ് കേരള മൊബൈൽ ആപ്പും യാഥാർത്ഥ്യമാക്കി. എൻ.എ.ബി.എൽ. ലാബ് സജ്ജമാക്കി. മൈക്രോബയോളജി ലാബുകൾ സജ്ജമാക്കി വരുന്നു. ക്ലീൻ സ്ട്രീറ്റ് ഫുഡ് ആരംഭിച്ചു.

ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ഒരു തരത്തിലുള്ള സമ്മർദത്തിനും വഴങ്ങരുത്. നമുക്കും സമൂഹത്തിനും അടുത്ത തലമുറയ്ക്കുമായാണ് പ്രവർത്തിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ആന്റണി രാജു എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണർ അഫ്സാന പർവീൺ, കൗൺസിലർ പാളയം രാജൻ, ഭക്ഷ്യ സുരക്ഷാ ജോ കമ്മീഷണർ ജേക്കബ് തോമസ്, ഡെപ്യൂട്ടി ഡയറക്ടർ മഞ്ജുദേവി എന്നിവർ പങ്കെടുത്തു.

# ലോക ഭക്ഷ്യസുരക്ഷാ ദിനാചരണം

**കൊച്ചി:** ലോക ഭക്ഷ്യസുരക്ഷാ ദിനാചരണത്തോടെനുബന്ധിച്ച് എറണാകുളം കെ.എച്ച്.ആർ.എ ഹാളിൽ നടന്ന പരിപാടി ടി.ജെ വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ പി.കെ ജോൺ വിജയകുമാർ അധ്യക്ഷത വഹിച്ചു. വിതരണ വിപണന മേഖലയിലെ കെ.എച്ച്.ആർ.എ, ബേക്കേഴ്സ് അസോസിയേഷൻ, എ.കെ.സി. എന്നിവയിലെ ഭാരവാഹികൾ സംസാരിച്ചു.

അരുവിത്തുറ സെന്റ് ജോർജ് കോളേജിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഫുഡ് സയൻസ് ആന്റ് എഎംപി; ടെക്നോളജിയിലെ അസിസ്റ്റന്റ് പ്രൊഫസർ ബിൻസ് കെ തോമസിന്റെ നേതൃത്വത്തിൽ 'പ്രിപ്പയർ ഫോർ ദി എക്സ്പെക്റ്റഡ് ' എന്ന പ്രമേയത്തിൽ സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ ബേക്കേഴ്സ് അസോസിയേഷൻ അംഗങ്ങളും, വിദ്യാർഥികളും, സെന്റ് ആൽബർട്ട്സ് കോളേജ്, കൊച്ചിൻ ആർട്സ് ആൻഡ് സയൻസ് കോളേജ്, സെന്റ് തെരേസസ് കോളേജ് എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു.

# 2024 ഏഷ്യ റോഡ് റേസിങ് ചാമ്പ്യൻഷിപ്പ്: മൂന്നാം റൗണ്ടിനൊരുങ്ങി ഹോണ്ട റേസിങ് ഇന്ത്യ ടീം

**കൊച്ചി:** ജപ്പാനിലെ മൊതേഗി മൊബിലിറ്റി റിസോർട്ടിൽ ഈ ആഴ്ച നടക്കുന്ന 2024 എഫ്ഐഎം ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിന്റെ മൂന്നാം റൗണ്ടിനൊരുങ്ങി ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ ടീം റൈഡർമാർ.

തായ്‌ലാൻഡിലെ ചാങ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടന്ന ആദ്യ റൗണ്ടിലും ചൈനയിലെ സുഹായ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടന്ന രണ്ടാം റൗണ്ടിലും വളരെ മികച്ച പ്രകടനമാണ് ടീം കാഴ്ചവെച്ചത്. എപി250 ശ്രേണിയിൽ നിന്നും നേടിയ 10 പോയിന്റുമായാണ് ഹോണ്ട ടീം മൂന്നാം റൗണ്ടിൽ മത്സരിക്കാനിറങ്ങുന്നത്.

ചൈനയിൽ നടന്ന രണ്ടാം റൗണ്ടിലെ ആദ്യ റേസിൽ നിർണായകമായ അഞ്ച് പോയിന്റുകൾ ടീമിന് സമ്മാനിച്ച ചെന്നൈ സ്വദേശി കാവിൻ ക്വിന്റൽ മത്സരത്തിൽ ആദ്യ 15നുള്ളിലാണ് ഫിനിഷ് ചെയ്തത്. മലപ്പുറത്ത് നിന്നുള്ള സഹതാരം മൊഹ്സിൻ പറമ്പനും രണ്ടാം റൗണ്ടിൽ മികച്ച പ്രകടനം നടത്തിയിരുന്നു. പ്രതികൂല കാലാവസ്ഥ കാരണം രണ്ടാം റൗണ്ടിന്റെ രണ്ടാം റേസ് റദ്ദാക്കിയിരുന്നു.




അവസാന മത്സരം കഠിനമായിരുന്നെങ്കിലും ആദ്യ 15ൽ ഫിനിഷ് ചെയ്യാനും ടീമിന് പോയിന്റുകൾ സംഭാവന ചെയ്യാനും കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് കാവിൻ ക്വിന്റൽ പറഞ്ഞു. ജപ്പാനിൽ മികച്ച റിസൾട്ടാണ് പ്രതീക്ഷിക്കുന്നതെന്നും താരം പറഞ്ഞു.

ഓരോ മത്സരവും ഒരു പഠനാനുഭവമായാണ് കാണുന്നതെന്നും അടുത്ത റൗണ്ടിൽ പ്രകടനം മെച്ചപ്പെടുത്തുന്നതിലും ടീമിന്റെ പോയിന്റ് പട്ടികയിൽ കൂടുതൽ സംഭാവന നൽകുന്നതിലുമാണ് ഇപ്പോഴത്തെ ശ്രദ്ധയെന്നും മൊഹ്സിൻ പറമ്പൻ പറഞ്ഞു. റേസിൻറെ 4,5,6 റൗണ്ടുകൾ യഥാക്രമം ജൂലൈ, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിൽ ഇന്തോനേഷ്യ, മലേഷ്യ, തായ്‌ലാൻഡ് എന്നിവിടങ്ങളിൽ നടക്കും.

# പഴം പച്ചക്കറി മൂല്യ വർധിത ഉൽപ്പനങ്ങളിൽ പരിശീലനം

**കൊച്ചി:** പഴം, പച്ചക്കറി എന്നിവയിലെ മൂല്യ വർധിത ഉൽപ്പനങ്ങളിൽ സംരംഭം തുടങ്ങാൻ താത്പര്യമുള്ളവർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് , 5 ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. ജൂൺ 11 മുതൽ 15 വരെ കളമശ്ശേരി കീഡ് ക്യാമ്പസിലാണ് പരിശീലനം. കോംപീറ്റൻസീസ് ഓഫ് ആൻ എന്റർപ്രണർ, ക്രോപ്പ് പ്രൊഡക്ഷൻ, പോസ്റ്റ് ഹാർവെസ്റ്റ് ഓപ്പറേഷൻസ്, വാല്യൂ അഡിഷൻ ഇൻ ഫ്രൂട്സ് ആന്റ് വെജിറ്റബിൾസ്, വേരിയസ് സ്കീമ്സ് ഫോർ അഗ്രി എന്റർപ്രണേഴ്സ്, ലൈസൻസ് ആന്റ് ക്ലിയറൻസ്, ബാങ്ക് ലോൺ പ്രോസസ്, പ്രോജക്ട് റിപ്പോർട്ട് ഇവാലുവേഷൻ തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 3,540 രൂപയാണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,500 രൂപയാണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടിക ജാതി, പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1,000 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. കീഡ് വെബ്സൈറ്റായ www.kled.infot/raining-calender/ ൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2532890/2550322/9188922800.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** പി എം എം എസ് വൈ ഇടുക്കി, പീച്ചി റിസർവോയർ പദ്ധതിയിലെ കൂടു മത്സ്യ കൃഷിക്കായി എട്ട് ഫൈബർ ബോട്ട്. (6 മീറ്റർ നീളം, 1 മീറ്റർവീതി, 50 സെ.മി ഉയരം) സപ്ലൈ ചെയ്യുന്നതിന് മൽസര സ്വഭാവമുള്ള ടെൻഡർ ക്ഷണിച്ചു. ടെൻഡർ സമർപ്പിക്കേണ്ട അവസാന തിയതി ജൂൺ 15 ന് ഉച്ചയ്ക്ക് 12 വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842665479

# രോഗികളോട് ആർദ്രതയോടെയുള്ള പെരുമാറ്റം ചികിത്സയിൽ പ്രധാനം: മന്ത്രി

**തിരുവനന്തപുരം:** രോഗികളോട് ആർദ്രതയോടെയുള്ള പെരുമാറ്റം ചികിത്സയിൽ പ്രധാനമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അവർക്ക് ഗുണനിലവാരമുള്ള ചികിത്സ ഉറപ്പാക്കണം. അനാവശ്യമായി രോഗികളെ റഫർ ചെയ്യരുത്. ആശുപത്രികളുടെ പ്രവർത്തന സമയം ഉറപ്പാക്കണം. ആശുപത്രികൾ പൂട്ടിയിടുന്ന സാഹചര്യം ഒഴിവാക്കണമെന്നും മന്ത്രി നിർദേശം നൽകി. ആരോഗ്യ വകുപ്പിലെ വിവിധ ആശുപത്രികളിലെ ഡോക്ടർമാരെ ഓൺലൈനായി അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.




ജീവനക്കാർ അനധികൃതമായി ജോലിയിൽ നിന്ന് വിട്ട് നിൽക്കാൻ പാടില്ല. ഡോക്ടർമാർ ഉൾപ്പെടെ 2000ത്തോളം ജീവനക്കാരാണ് സർവീസിൽ നിന്നും വിട്ട് നിൽക്കുന്നത്. ഇത് പൊതുജനാരോഗ്യ പ്രവർത്തനങ്ങളേയും ചികിത്സയേയും ബാധിക്കുന്ന വിഷയമാണ്. അതിനാൽ തന്നെ അനധികൃതമായി വിട്ടുനിൽക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും.

ആശുപത്രികളുടെ ഗുണനിലവാരം ഉയർത്തി രോഗികൾക്ക് മികച്ച സൗകര്യങ്ങളൊരുക്കുകയാണ് സർക്കാർ നയം. ആർദ്രം മിഷനിലൂടെ ചികിത്സാ സൗകര്യങ്ങൾ വലിയ തോതിൽ വർധിപ്പിച്ചു.

പൊതുജനാരോഗ്യ നിയമം കൃത്യമായി നടപ്പിലാക്കണം. മെഡിക്കൽ ഓഫീസർമാർക്ക് പൊതുജനാരോഗ്യ നിയമത്തിൽ പ്രധാന പങ്കുണ്ട്. പൊതുജനാരോഗ്യ നിയമ പ്രകാരം സമിതികൾ യോഗം ചേർന്ന് തുടർ നടപടികൾ സ്വീകരിക്കണം. എല്ലാ ആശുപത്രികളിലും സേഫ്റ്റി ഓഡിറ്റ് നടത്തിയിരുന്നു. അതനുസരിച്ച് സുരക്ഷാ ക്രമീകരണം ഉറപ്പാക്കണം. സ്റ്റേറ്റ് മെഡിക്കൽ ഓഫീസർമാരുടെ കോൺഫറസ് പ്രകാരം ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും ഇത്തരം യോഗങ്ങൾ ചേരണം. ആശുപത്രികളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ തടസപ്പെടരുത്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാനാകും.

സംസ്ഥാനത്ത് ഡയാലിസിസ് സംവിധാനം ശക്തിപ്പെടുത്തും. സ്ഥലമില്ലാത്ത ആശുപത്രികളിൽ മൊബൈൽ യൂണിറ്റുകൾ സജ്ജമാക്കും. ലക്ഷ്യ സ്റ്റാൻഡേർഡ്സ് പ്രകാരം ലേബർ റൂമുകൾ സജ്ജമാക്കി വരുന്നു. ഇൻഫെക്ഷൻ കൺട്രോൾ പ്രോട്ടോകോൾ പാലിക്കണം.

ഡോക്ടർമാർ ചെയ്യുന്ന സേവനങ്ങൾ വളരെ വിലപ്പെട്ടതാണ്. ഈ കാലയളവിൽ ആരോഗ്യ മേഖല ഒട്ടേറെ വെല്ലുവിളികൾ നേരിട്ടു. കോവിഡ്, സിക, മങ്കിപോക്സ്, നിപ തുടങ്ങിയ പകർച്ചവ്യാധികളെ പ്രതിരോധിക്കാനായി. പകർച്ചവ്യാധി പ്രതിരോധത്തിന് വലിയ പ്രാധാന്യമാണ് നൽകി വരുന്നത്. ആരോഗ്യ വകുപ്പ് എന്നത് വ്യക്തിയല്ല. അത് ഒരു ചങ്ങല പോലെയാണ്. അതിനാൽ തന്നെ ഒരുമിച്ച് പ്രവർത്തിക്കാമെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന എന്നിവർ പങ്കെടുത്തു.

